**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1136** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** വിനോദസഞ്ചാര മേഖലയിൽ സുസ്ഥിരമായ അടിസ്ഥാന സൗകര്യ വികസനവും ഉത്തരവാദിത്തമുള്ള സ്വകാര്യ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ;

**<u>മറുപടി:</u>** വിനോദസഞ്ചാര മേഖലയിൽ സുസ്ഥിരമായ അടിസ്ഥാന സൗകര്യ വികസനവും ഉത്തരവാദിത്തമുള്ള സ്വകാര്യ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിന് പിപിപി മാതൃകയിലുള്ള പദ്ധതികൾ ലഭ്യമാകുന്ന മുറയ്ക്ക് ടൂറിസം സാധ്യത, സന്ദർശകരുടെ എണ്ണം, പദ്ധതി ഘടന, അനുബന്ധ NOC തുടങ്ങിയവ പരിശോധിച്ച് തുടർനടപടികൾ ആലോചിക്കുന്നതാണ്.

**(ബി)** രാജ്യത്തെ ഏറ്റവും ആകർഷകമായ വിനോദസഞ്ചാര ലക്ഷ്യസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ദേശീയവും അന്തർദേശീയവുമായ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വൈവിധ്യമാർന്ന മാർക്കറ്റിങ് ക്യാമ്പയിനുകൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് . പരമ്പരാഗതമായ പ്രിന്റ് ക്യാമ്പയിനുകൾക്ക് പുറമെ നവസാമൂഹ്യമാധ്യമങ്ങളിലൂടെയും ടെലിവിഷൻ, സിനിമ തീയേറ്റർ, എയർപോർട്ട് മുതലായവയിലൂടെയും ടൂറിസം വകുപ്പ് മാർക്കറ്റിങ് ക്യാമ്പയിനുകൾ, സ്വകാര്യ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രധാന പട്ടണങ്ങളിൽ ടൂറിസം വകുപ്പ് പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുകയും പ്രധാന ടൂറിസം ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്യുന്നു.

കൂടാതെ പ്രശസ്തരായ ഇൻഫ്ളൂവൻസേഴ്സ്, മാധ്യമപ്രവർത്തകർ എന്നിവരിലൂടെ കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രചരണം നടത്തുന്നതിനായി ഫാം ടൂറുകളും നടത്തിവരുന്നു.

**(സി)** മെഡിക്കൽ, വെൽനസ്, പരിസ്ഥിതി, ഡെസ്റ്റിനേഷൻ വിനോദസഞ്ചാര രീതികളുടെ പ്രോത്സാഹനം ലക്ഷ്യമിട്ട് ഒരു നിക്ഷേപ സൗഹൃദനയം രൂപീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പരിസ്ഥിതിയ്ക്കനുയോജ്യമായ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഒരു ടൂറിസം നയം രൂപീകരിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത് .

**(ഡി)** ഗോത്രവർഗ വിഭാഗങ്ങളുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്താനുതകുംവിധം ട്രൈബൽ കൾച്ചറൽ സെന്ററുകളെ പരിവർത്തനം ചെയ്യാൻ പദ്ധതികളുണ്ടോ;വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ Village Life Experience പാക്കേജുകളുടെ ഭാഗമായി ഗോത്രവർഗ സമൂഹങ്ങളുടെ ജീവിതശൈലി, കല, സംസ്കാരം, പാരമ്പര്യ അറിവുകൾ എന്നിവ പരിചയപ്പെടുത്തുന്ന അനുഭവാധിഷ്ഠിത (Experiential) വിനോദസഞ്ചാര പാക്കേജുകൾ നടപ്പിലാക്കി വരുന്നു. കൂടാതെ, ഗോത്രവർഗ വിഭാഗങ്ങളുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം ആഭ്യന്തരവിദേശ -വിനോദസഞ്ചാരികൾക്ക് കൂടുതൽ ഫലപ്രദമായി പരിചയപ്പെടുത്തുന്നതിനായി പുതിയ അനുഭവാധിഷ്ഠിത ടൂറിസം ഉൽപ്പന്നങ്ങളുടെ വിപുലീകരണവും ഉൾപ്പെടുന്ന ഭാവി പദ്ധതികൾ തയ്യാറാക്കി വരികയാണ്.

**(ഇ)** ഹോംസ്റ്റേകൾക്ക് വിനോദസഞ്ചാര ഭൂപടത്തിൽ വർധിച്ചുവരുന്ന പ്രാധാന്യം കണക്കിലെടുത്ത് അവയെ പ്രോത്സാഹിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; ഹോംസ്റ്റേകൾ സുരക്ഷിതവും സഞ്ചാരി സൗഹൃദവുമാണെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ഹോംസ്റ്റേകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ഒരു ക്ലാസ്സിഫിക്കേഷൻ സ്കീം ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടുണ്ട് . ഈ സ്കീമിലൂടെ ക്ലാസ്സിഫൈ ചെയ്യുന്ന ഹോംസ്റ്റേകളുടെ പട്ടിക കേരള ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട് . കൂടാതെ ഹോംസ്റ്റേകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള NOC ഒഴിവാക്കിയിട്ടുണ്ട് . സന്ദർശകരുടെ സുരക്ഷയ്ക്ക് കൂടി പ്രാധാന്യം നൽകിയാണ് ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ സ്കീം രൂപീകരിച്ചിട്ടുള്ളത് .

**(എഫ്)** വിനോദ സഞ്ചാര സമ്പദ് വ്യവസ്ഥയുടെ ഗുണഫലങ്ങൾ കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും നേരിട്ട് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഏതൊക്കെ നടപടികൾ സ്വീകരിക്കും; വിശദീകരിക്കുമോ?

**<u>മറുപടി:</u>** വിനോദഞ്ചാരവകുപ്പ് സാംസ്കാരിക സാഹിത്യ ഉത്സവങ്ങളെ വകുപ്പുമായി ബന്ധപ്പെടുത്തി ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്. വിനോദസഞ്ചാര വകുപ്പ് ഓണം വാരാഘോഷം സംഘടിപ്പിച്ച് അതിലൂടെ സാംസ്കാരിക പരിപാടികൾ നടത്തുന്നതിനുള്ള അവസരം കലാകാരന്മാർക്ക് ലഭ്യമാക്കുന്നു. കേരളത്തിലെ പരമ്പരാഗത കലാരൂപങ്ങളെ വിനോദസഞ്ചാരവുമായി ബന്ധപ്പെടുത്തി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികൾ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**